"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് — സായുധസേനാ അക്കാഡമി/നഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം നേടുന്നവർക്കുള്ള ഒറ്റത്തവണ സ്കോളർഷിപ്പ്- Lt ശിൽപ ജോയ്-ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.30/2024/SWD തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:- 1. സ.ഉ(കൈ) നം.27/2019/സൈ.ക്ഷേ.വ തീയതി 19.08.2019.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്ജ്) ന്റെ 10.06.2024 ലെ B6/CG/475397/2024/ഡി.എസ്.ഡബ്ല്യൂ. നമ്പർ കത്ത്.

**ഉത്തരവ്**

സായുധ സേനയുടെ കീഴിലുള്ള വിവിധ ട്രെയിനിംഗ് അക്കാഡമി/നഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം നേടുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കി സായുധസേനയിൽ ഓഫീസറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്ന കേരളീയരായ കേഡറ്റുകൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ഒറ്റത്തവണ സ്കോളർഷിപ്പ് ഏർപ്പെടുത്തി പരാമർശം (1 ) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ഇപ്രകാരം ജോലിയിൽ പ്രവേശിച്ച Lt ശിൽപ ജോയ്- ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.

3.പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചു. ഇതിൻ പ്രകാരം Lt ശിൽപ ജോയ് സ്കോളർഷിപ്പിന് അർഹയാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ സായുധ സേനയുടെ കീഴിലുള്ള കോളേജ് ഓഫ് നഴ്സിംഗ്, കമാൻഡന്റ് ഹോസ്പിറ്റൽ, കൽക്കട്ട-യിൽ പ്രവേശനം നേടി വിജയകരമായി പരിശീലനം പൂർത്തിയാക്കി സായുധ സേനയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള Lt ശിൽപ ജോയ്, കണ്ണങ്കര പുത്തൻ വീട്, ചെങ്ങമനാട് പി.ഒ, കൊട്ടാരക്കര, കൊല്ലം-691 557 യ്ക്ക് സംസ്ഥാന സർക്കാരിൽ നിന്നുള്ള സ്കോളർഷിപ്പ് ഇനത്തിൽ 1,00,000/- (ഒരു ലക്ഷം രൂപ

മാത്രം) രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത ചെലവ് ഇനത്തിലുള്ള 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) 2235-60-200-61 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. Lt ശിൽപ ജോയ്, കണ്ണങ്കര പുത്തൻ വീട്, ചെങ്ങമനാട് പി.ഒ, കൊട്ടാരക്കര, കൊല്ലം-691 557.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jenshar B
സെക്ഷൻ ഓഫീസർ
Date: 29-07-2024 12:43:55